ജില്ലാ ദുരന്ത നിവാരണ അതോറിറ്റി,
കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ
കുടപ്പനക്കുന്ന്, തിരുവനന്തപുരം-43
ഫോൺ നം : 0471 - 2731210
ഇ-മെയിൽ:
deputycollectordmtvpm@gmail.com
തീയതി: 07-03-2026

DCTVM/1238/2026-H6

**ജില്ലയിൽ ചൂട് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഹീറ്റ് ആക്ഷൻ പ്ലാൻ പ്രകാരം വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ അവലോകനം ചെയ്യുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺന്റെ അധ്യക്ഷതയിൽ 26/02/2026 ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്**

**യോഗത്തിൽ പങ്കെടുത്തവർ**

1) ശ്രീ. ആൽഫ്രെഡ് ഒ വി ഐ എ എസ്, സബ് കളക്ടർ, തിരുവനന്തപുരം
2) ശ്രീ. ജി ശ്രീകുമാർ, ഡെപ്യൂട്ടി കളക്ടർ (ദുരന്തനിവാരണം), തിരുവനന്തപുരം
3) ശ്രീ. ജയകുമാർ കെ പി, റവന്യൂ ഡിവിഷനൽ ഓഫീസർ, നെടുമങ്ങാട്
4) ശ്രീമതി. അഞ്ജന ജെ ആർ, അസിസ്റ്റന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
5) ശ്രീമതി. സിന്ധു എ വി, ജൂനിയർ സൂപ്രണ്ട് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
6) ശ്രീമതി. അഞ്ജലി എസ്, ഹൈഡ്രോജിയോളജിസ്റ്റ്, തിരുവനന്തപുരം
7) ശ്രീ. സനൽ എ സലാം, തൊഴിൽ വകുപ്പ്, തിരുവനന്തപുരം
8) ഡോ. സക്കറിയ സെബാസ്റ്റ്യൻ, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം
9) ശ്രീ. അരുൺരാജ് പി എൻ, ജില്ലാ ശുചിത്വമിഷൻ കോ - ഓർഡിനേറ്റർ, തിരുവനന്തപുരം
10) ശ്രീ. അജിത്ത് ബി, ജൂനിയർ സൂപ്രണ്ട്, വർക്കല താലൂക്ക്
11) ശ്രീ. അഞ്ജലി, അസിസ്റ്റന്റ് എഡിറ്റർ, ഇൻഫർമേഷൻ ഓഫീസ്, പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്
12) ശ്രീമതി. ബിന്ദു സി എസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചെറുകിട ജലസേചന വിഭാഗം, തിരുവനന്തപുരം

13) ശ്രീ. റഫീഖ് എ എം, ഓവർസിയർ ഫസ്റ്റ് ഗ്രേഡ്, പൊതുമരാമത്ത് വകുപ്പ്
14) ശ്രീ. ശ്രീരാജ് യു ആർ, ഓവർസിയർ സെക്കൻഡ് ഗ്രേഡ്, പൊതുവരാമത്ത് വകുപ്പ്
15) ശ്രീ. ലത ആർ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, തിരുവനന്തപുരം
16) ശ്രീ. സിന്ധു പ്രഭാകർ മണ്ണ് സംരക്ഷണ ഓഫീസർ, തിരുവനന്തപുരം
17) ശ്രീമതി.വി കുമാരി ബിന്ദു, തഹസിൽദാർ, ചിറയിൻകീഴ്
18) ശ്രീമതി. ജ്യോതിലക്ഷ്മി യു എസ്, തഹസിൽദാർ(i/c), നെടുമങ്ങാട്
19) ശ്രീ.മുകേഷ് കുമാർ കെ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെഎസ്ഇബി തിരുവനന്തപുരം
20) ശ്രീ. ശ്രീകുമാർ എസ് എസ്, തഹസിൽദാർ (ഭൂരേഖ), നെയ്യാറ്റിൻകര
21) ശ്രീ. പ്രകാശ് എസ്, ക്ലീൻ സിറ്റി മാനേജർ, തിരുവനന്തപുരം കോർപ്പറേഷൻ
22) ശ്രീമതി. തസ്ലീം ഡി എസ്, ഡിസ്ട്രിക്റ്റ് വുമൺസ് ആൻഡ് ചിൽഡ്രൻ ഡെവലപ്മെന്റ് ഓഫീസർ, തിരുവനന്തപുരം
23) ശ്രീമതി. ഷെറിൻ ജേക്കബ് പി, സീനിയർ സൂപ്രണ്ട്, ഡിസ്ട്രിക്റ്റ് സോഷ്യൽ ജസ്റ്റിസ് ഓഫീസ്, തിരുവനന്തപുരം
24) ശ്രീ. ജ്യോതി സുധാകർ, സബ് ഇൻസ്പെക്ടർ, കേരള പോലീസ്, തിരുവനന്തപുരം റൂറൽ
25) ശ്രീ. അരുൺ ആർ സി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, കുളത്തൂപ്പുഴ
26) ശ്രീ. ഹരി ആർ, എക്സിക്യൂട്ടീവ് എൻജിനീയർ, വൻകിട ജലസേചന വിഭാഗം, തിരുവനന്തപുരം
27) ശ്രീ. പ്രതാപ് എസ് പി, തഹസിൽദാർ, തിരുവനന്തപുരം
28) ശ്രീ. സൂരജ് സുകുമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
29) ശ്രീ. സൂരജ് എസ്, ജില്ലാ ഫയർ ഓഫീസർ, തിരുവനന്തപുരം
30) ശ്രീ. എം ശ്രീകുമാർ, ഡെപ്യൂട്ടി ഡയറക്ടർ, ടൂറിസം വകുപ്പ്
31) ശ്രീ. ബിജു ഇ ആർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് കെട്ടിട വിഭാഗം, തിരുവനന്തപുരം
32) ശ്രീ. വിക്ടർ, സബ് ഇൻസ്പെക്ടർ, കേരള പോലീസ്, തിരുവനന്തപുരം സിറ്റി
33) കുമാരി. ദേവിക ബി എസ്, ഹസാർഡ് അനലിസ്റ്റ്, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, തിരുവനന്തപുരം

ജില്ലയിൽ ചൂട് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഹീറ്റ് ആക്ഷൻ പ്ലാൻ പ്രകാരം വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ അവലോകനം ചെയ്യാനാണ് ഇപ്രകാരം യോഗം ചേർന്നതെന്ന് യോഗത്തിൽ പ്രാരംഭമായി സംസാരിച്ച ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ യോഗത്തിൽ അറിയിച്ചു.

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി പ്രസിദ്ധീകരിച്ച ഹീറ്റ് ആക്ഷൻ പ്ലാൻ പ്രകാരം വിവിധ വകുപ്പുകൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് വർഷാരംഭത്തിൽതന്നെ യോഗം ചേരേണ്ട തായിട്ടുള്ളതിനാലാണ് എല്ലാ വകുപ്പിൽ നിന്നും പങ്കാളിത്തം ഉറപ്പാക്കി ഇപ്രകാരം യോഗം ചേർന്നതെന്നും എല്ലാ വകുപ്പുകളും ഹീറ്റ് ആക്ഷൻ പ്ലാൻ പ്രകാരം സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെന്നും പുതിയ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്താനും ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ യോഗത്തിൽ അറിയിച്ചു. തുടർന്ന് വകുപ്പുതല അവലോകനം നടത്തി.

**<u>തദ്ദേശ സ്വയംഭരണ വകുപ്പ്</u>**

ഹീറ്റ് ആക്ഷൻ പ്ലാൻ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പ്രകാരം നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തൊഴിലുറപ്പ് തൊഴിലാളികൾ ആശാവർക്കർമാർ മുതലായ ഫീൽഡ് സ്റ്റാഫുകൾ വഴി എല്ലാ പൊതുജനങ്ങൾക്കും ചൂടു വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സ്വീകരിക്കേണ്ട പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തിവരുന്നുണ്ട്. കൂടാതെ 09/02/2026-ലെ സർക്കാർ ഉത്തരവ് പ്രകാരം കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് നിർദേശം നൽകിയിട്ടുള്ളതും ആയതുപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ മോണിറ്റർ ചെയ്തു വരുന്നു.

**<u>ആരോഗ്യവകുപ്പ്</u>**

സൂര്യതാപം, സൂര്യാഘാതം എന്നിവയെ അധികരിച്ചും പ്രതിരോധ പ്രവർത്തനങ്ങളെ കുറിച്ചും സോഷ്യൽ മീഡിയ പോസ്റ്റുകൾ വിവിധ സോഷ്യൽ മീഡിയ മാധ്യമങ്ങൾ വഴി പൊതുജനങ്ങളിലേക്ക് എത്തിച്ചിട്ടുണ്ട്. അതോടൊപ്പം പൊതു ഇടങ്ങളിൽ ഈ വിഷയത്തെ അധികരിച്ച് പോസ്റ്ററുകൾ പ്രദർശിപ്പിച്ചുവരുന്നു. എല്ലാ ആരോഗ്യ കേന്ദ്രങ്ങൾ വഴിയും സോഷ്യൽ മീഡിയ പോസ്റ്റുകൾ വിവിധ വാട്സപ്പ് ഗ്രൂപ്പുകൾ വഴിയും പൊതു ജനങ്ങളുടെ

അറിവിലേക്ക് പങ്കുവെച്ചിട്ടുണ്ട്. അതോടൊപ്പം ഫീൽഡ് തല പ്രവർത്തന വേളയിൽ ആരോഗ്യ പ്രവർത്തകർ സൂര്യതാപം, സൂര്യാഘാതം എന്നിവ എങ്ങനെ പ്രതിരോധിക്കാം എന്നതിനെ അധികരിച്ച വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ അംഗീകരിച്ച പദ്ധതി പ്രകാരം ഹീറ്റ് സ്റ്റോക്ക് ക്ലിനിക് സജ്ജീകരിക്കുന്നതിന് ഉപകരണങ്ങൾ വാങ്ങാൻ ജില്ലയിൽ നാല് ആശുപത്രികൾക്കായി 28000/- രൂപ അനുവദിച്ചിട്ടുണ്ട്. ആരോഗ്യ സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റിംഗ് എൽഇഡി റീപ്ലേസ്മെന്റ് എന്നിവയ്ക്കായി അഞ്ച് സ്ഥാപനങ്ങളിലായി 2,90,000/- രൂപ അനുവദിച്ചിട്ടുണ്ട്.

## <u>വിദ്യാഭ്യാസ വകുപ്പ്</u>

ഉഷ്ണ തരംഗ ദുരന്തങ്ങൾ ഫലപ്രദമായി പ്രതിരോധിക്കുന്നതിന് വേണ്ടി വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന മുഴുവൻ വിദ്യാലയങ്ങൾക്കും ഓഫീസുകൾക്കും ശുദ്ധജലത്തിന്റെയും ORS ന്റെയും മറ്റ് ആവശ്യ മരുന്നുകളുടെയും ലഭ്യത ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് സൂര്യാഘാതം പോലുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയുള്ള മുൻകരുതൽ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി രാവിലെ 11 മണിക്കും മൂന്നു മണിക്കും ഇടയിൽ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചേക്കാവുന്ന ഔട്ട്ഡോർ പരിപാടികൾ ഒഴിവാക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സൂര്യതാപം ഏറ്റാൽ സ്വീകരിക്കേണ്ട പ്രാഥമിക നടപടികളെക്കുറിച്ചും നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാർത്ഥികൾക്കും സബ് ഓഫീസുകളിലെ ഉദ്യോഗസ്ഥർക്കും ഓഫീസുകളിൽ എത്തുന്ന പൊതുജനങ്ങൾക്കും ശുദ്ധമായ കുടിവെള്ള ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## <u>തൊഴിൽ വകുപ്പ്</u>

കേരളത്തിൽ വേനൽക്കാലം ആരംഭിക്കുകയും പകൽ താപനില ക്രമാതീതമായി ഉയരുന്നതുമായ സാഹചര്യത്തിൽ പൊതുജന താൽപര്യം മുൻനിർത്തി 2026 ഫെബ്രുവരി 13 മുതൽ മെയ് 20 വരെ സംസ്ഥാനത്തിനുള്ളിൽ വെയിലത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ സമയം പുനക്രമീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം പകൽ സമയത്ത് വെയിലത്ത് ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും ഉച്ചയ്ക്ക് 12 മുതൽ 3 മണി വരെ വിശ്രമവേള

ആയിരിക്കും ഇവരുടെ ജോലി സമയം രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്തിനുള്ളിൽ എട്ടുമണിക്കൂറായി നിചപ്പെടുത്തുന്നു. ഷിഫ്റ്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് രാവിലത്തെ ഷിഫ്റ്റ് ഉച്ചയ്ക്ക് 12 മണിക്ക് അവസാനിക്കുന്ന തരത്തിലും ഉച്ചയ്ക്ക് ശേഷമുള്ള ഷിഫ്റ്റ് വൈകുന്നേരം 3 മണിക്ക് ആരംഭിക്കുന്ന തരത്തിലും പുനക്രമീകരിച്ചിരിക്കുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിവിധ തോഴിൽ മേഖലകളിൽ നടത്തുന്ന പരിശോധനകളോടൊപ്പം കൺസ്ട്രക്ഷൻ സൈറ്റുകൾക്കും റോഡ് നിർമ്മാണ മേഖലകളും പ്രത്യേകം പരിഗണന നൽകിക്കൊണ്ട് ദൈനംദിന പരിശോധന നടത്തിവരുന്നു.

<u>കൃഷി വകുപ്പ്</u>

അത്യുഷ്ണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ കൃഷിവകുപ്പ് സ്വീകരിക്കേണ്ട നടപടികളെ കുറിച്ച് ജില്ലയിലെ കർഷകർക്കും കർഷക തൊഴിലാളികൾക്കും വേണ്ട ബോധവൽക്കരണം നടത്താൻ എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും കൃഷി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതോടൊപ്പം വിളകളുടെ സംരക്ഷണം സംബന്ധിച്ച ബോധവൽക്കരണവും നടത്തേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>വനം-വന്യ ജീവി സംരക്ഷണ വകുപ്പ്</u>

തിരുവനന്തപുരം വനം ഡിവിഷന്റെ പരിധിയിൽ വരൾച്ചയുമായി ബന്ധപ്പെട്ട് കാട്ടുതീയാണ് പ്രധാനമായും ഉണ്ടാകാറുള്ളത്. വേനക്കാലത്തുണ്ടാകുന്ന കാട്ടുതീയിൽ നിന്നും വനത്തെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഡിവിഷൻ തലത്തിൽ എസ് ഓ പി(Standard Operating Procedure) തയ്യാറാക്കി നടപടി സ്വീകരിച്ച് വരുന്നതുമാണ്. കൂടാതെ വനപ്രദേശങ്ങളിൽ വന്യജീവികൾക്ക് ജലലഭ്യത ഉറപ്പ് വരുത്തുന്നതിനായി നിലവിലുള്ള കുളങ്ങൾ വൃത്തിയാക്കിയും വനത്തിനുള്ളിൽ ചെക്ക്ഡാമുകൾ, തടയണകൾ, പുതിയകുളങ്ങൾ എന്നിവ നിർമ്മിച്ചും, തണ്ണീർത്തടങ്ങൾ മുതലായവ സംരക്ഷിച്ച് വരികയും ചെയ്യുന്നു.

<u>മൃഗസംരക്ഷണ വകുപ്പ്</u>

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ചൂടിനെ നേരിടുവാൻ വേണ്ടി മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് ജില്ലയിലെ എല്ലാ തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള ക്ഷീരകർഷകർക്ക് അതാത് മൃഗാശുപത്രികൾ മുഖേനെ ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും ലഘുലേഖകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ മുഖേനെയും ക്ഷീരസംഘങ്ങൾ മുഖേനയും കർഷകർക്ക് നൽകുന്ന ട്രെയിനിംഗുകളിൽ ഉരുക്കൾക്ക് സൂര്യാഘാതം ഏൽക്കാതിരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

**<u>കേരള വാട്ടർ അതോറിറ്റി</u>**

നെയ്യാറിൽ ഉപ്പ് വെള്ളം കയറാതിരിക്കാൻ മാവിളക്കടവിൽ ബണ്ട് നിർമ്മിക്കേണ്ടതുണ്ടെന്നും നെയ്യാറിന്റെ കനാൽ വഴി വെള്ളം തുറന്നു എത്തിക്കേണ്ടതുണ്ടെന്നും ആയത് പരിഹരിക്കുന്നതിന് വൻകിട ജലസേചന വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കാളിപ്പാറ WTPയിൽ കേടായ UG കേബിൾ മാറ്റി സ്ഥാപിക്കുന്നതിന് കെഎസ്ഇബിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോട്ടുകാൽ WTP, കിഴക്കൻമല WTPകളിൽ വെൻഡിങ് പോയിന്റ് സ്ഥാപിക്കുന്നതാണ്.

കിളിമാനൂർ, പഴയകുന്നുമ്മേൽ സ്കീമിന് വേണ്ടി കരേറ്റും വർക്കല ആറ്റിങ്ങൽ സ്കീമിന് വേണ്ടി പൂവൻപാറയിലും ബണ്ട് സ്ഥാപിച്ചിട്ടുണ്ട്. ആറ്റിങ്ങലിലും വാളക്കാട്ടും വെൻഡിങ് പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. അരുവിപ്പുറം, മങ്കയം, പാലോട് എന്നിവിടങ്ങളിൽ ബണ്ട് സ്ഥാപിച്ചിട്ടുണ്ട്.

മൺവിള സോണിലും പൗഡിക്കോണം സോണിലും വാൽവ് കണ്ട്രോൾ ചെയ്ത് വരൾച്ച നേരിടുന്നതാണ്. കൂടാതെ കെഎസ്ഇബിയോട് മുടക്കമില്ലാതെ വൈദ്യുതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ടാർ കട്ടിങ് അനുമതി ലഭ്യമാക്കേണ്ടതാണ്. കുടിവെള്ളക്ഷാമം നേരിടുന്ന മേഖലകളിൽ വെള്ളം എത്തിക്കുന്നതിനായി ടാങ്കർ ലോറിയുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

പേപ്പാറയിലെ നിലവിലെ വെള്ളത്തിന്റെ അളവ് 103.5m ആണ്. അതായത് ജലത്തിന്റെ അളവ് 35Mm$^3$ ആണ്. ഒരു ദിവസത്തെ പരമാവധി ഉപഭോഗം 400mld ആണ്. ഇതിന് പ്രകാരം 85 ദിവസം ഉപയോഗിക്കാനുള്ള വെള്ളം മാത്രമേ ശേഷിക്കുന്നുള്ളൂ.

**<u>പൊതുമരാമത്ത് വകുപ്പ്</u>**

**<u>നിരത്ത് വിഭാഗം</u>**

തിരുവനന്തപുരം റോഡ്സ് ഡിവിഷൻ പരിധിയിൽ വരുന്ന ഓഫീസുകൾക്ക്

ഹീറ്റ് ആക്ഷൻ പ്ലാൻ പ്രകാരം പ്രവർത്തികൾ നടപ്പിലാക്കുന്നതിനായും, ചൂട് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സൂര്യതാപം നേരിട്ട് ഏൽക്കാൻ സാധ്യതയുള്ള പ്രവർത്തികളിൽ ഉച്ചയ്ക്ക് 11 മുതൽ 3 മണി വരെ പ്രവർത്തികൾ ഒഴിവാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>കെട്ടിട വിഭാഗം</u>

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് കീഴിൽ വരുന്ന എല്ലാ കെട്ടിടങ്ങളിലും ജല ചോർച്ച ഉണ്ടാകുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനും സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ബന്ധപ്പെട്ട സബ് ഡിവിഷൻ, സെക്ഷൻ കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ കെട്ടിടങ്ങളിലും അഗ്നി സുരക്ഷാ സംവിധാനങ്ങൾ യഥാസമയം പരിശോധിക്കുന്നതിനും ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിൽ നിന്ന് വേണ്ട നിർദ്ദേശങ്ങൾ സ്വീകരിച്ച നടപ്പാക്കുന്നതിനും ബന്ധപ്പെട്ട സബ് ഡിവിഷൻ, സെക്ഷൻ കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ നിർമ്മാണ സൈറ്റുകളിലും സൂര്യാഘാതം ഒഴിവാക്കുന്ന രീതിയിൽ തൊഴിലാളികളുടെ ജോലി സമയം ക്രമീകരിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട കരാറുകാർക്ക് നൽകിയിട്ടുണ്ട്.

<u>ജലവിഭവ വകുപ്പ്</u>
<u>വൻകിട ജലസേചന വിഭാഗം</u>

ജില്ലകളിൽ വകുപ്പിന് കീഴിൽ വരുന്ന വിവിധ കനാൽ കളിലൂടെ ഉള്ള കുടിവെള്ള വിതരണം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

<u>വൈദ്യുതി വകുപ്പ്</u>

ഉഷ്ണകാലത്ത് ധാരാളമായി വൈദ്യുതി ഉപയോഗം വർദ്ധിക്കുവാൻ സാധ്യതയുള്ളതിനാൽ വൈദ്യുതി സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിലേക്കായി സ്കൂൾ, കോളേജ്, കുടുംബശ്രീ യൂണിറ്റുകൾ, ജനമൈത്രി മീറ്റിംഗുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ഊർജ്ജ സംരക്ഷണത്തെ കുറിച്ച് ക്ലാസുകൾ നടത്തി വരുന്നുണ്ട്. കൂടാതെ ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് പോസ്റ്ററുകൾ, ബാനറുകൾ തയ്യാറാക്കി ഓഫീസിൽ നൽകിയിട്ടുണ്ട്. അടിയന്തര സാഹചര്യം നേരിടുന്ന ആശുപത്രികൾ

പോലുള്ള സ്ഥലങ്ങളിൽ വൈദ്യുതി ബന്ധം മുടങ്ങാതിരിക്കുവാൻ വേണ്ടി ഫീഡറുകളുടെയും, ട്രാൻസ്ഫോർമറുകളുടെയും ലോഡ് ആഴ്ചയിൽ ഒരിക്കൽ പരിശോധിക്കുന്നതിനും, ആയതിലേക്ക് അടിയന്തരമായി ചെയ്തു തീർക്കേണ്ട പ്രവർത്തികൾ ഉടൻ ചെയ്തു തീർക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പോസ്റ്റുകളിലും മറ്റും കയറി ജോലി ചെയ്യുന്നവർക്ക് സൂര്യാഘാതം ഉണ്ടാകാതിരിക്കാൻ പുറം ജോലി സമയക്രമീകരണത്തിൽ മാറ്റം വരുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ഓഫീസിൽ വരുന്ന ജീവനക്കാർക്കും പൊതുജനങ്ങൾക്കും ശുദ്ധ ജലലഭ്യത ഉറപ്പ് ഉറപ്പ് വരുത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

**<u>വനിതാ-ശിശുക്ഷേമ വകുപ്പ്</u>**

ശുദ്ധജലം ധാരാളമായി കുടിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വകുപ്പിലെ ജീവനക്കാർക്കും അങ്കണവാടി പ്രവർത്തകർക്കും അവബോധം നൽകിയിട്ടുണ്ട്. ജില്ലാ തല ഐ സി ഡി എസ് സെൽ മുഖാന്തിരം അങ്കണവാടികൾ വഴി ORS, IEC മെറ്റീരിയലുകൾ വിതരണം ചെയ്തിട്ടുണ്ട്.

അങ്കണവാടികളിൽ എത്തുന്ന കുട്ടികളെ പകൽ 11 മണി മുതൽ 3 മണി വരെയുള്ള സമയങ്ങളിൽ യാതൊരു കാരണവശാലും പുറത്ത് വിടരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചൂട് കാലത്ത് കുട്ടികൾക്കുള്ള പോഷകാഹാരത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ് എന്ന് വിവിധ മീറ്റിംഗുകളിലായി അങ്കണൻവാടി പ്രവർത്തകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്കണവാടി വകുപ്പിൽ നിന്നുള്ള വിവിധ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് ഉഷ്ണകാലത്ത് താപ പ്രതിരോധ പ്രവർത്തനങ്ങൾ കൈകൊണ്ട് തുറന്ന് പ്രവർത്തിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**<u>പോലീസ്</u>**

ഗതാഗത നിയന്ത്രണത്തിനും മറ്റ് വെയിൽ ഏല്ക്കുന്ന ജോലികൾക്കും നിയോഗിയ്ക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ച് നൽകുന്നതിന് എല്ലാ SHO-മാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും കടുത്ത ചൂടേൽക്കേണ്ട സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെ ഇത്തരത്തിൽ ജോലിയിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥർക്ക് കുടിവെള്ളം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്റ്റേഷൻ പരിസരങ്ങളിലും, ഓഫീസുകളിലും മറ്റും ചപ്പ ചവറുകൾ കൂട്ടിയിടുന്നതും



File No. DCTVM/1238/2026-H6 (Computer No. 455435)

Generated from eOffice by NISHA R V, H6 - DCTVM, H6 DCTVM, District Collectorate Thiruvananthapuram on 13/03/2026 12:51 PM

അലക്ഷ്യമായി വാഹനങ്ങളും മറ്റും സൂക്ഷിക്കുന്നത് ഒഴിവാക്കി തീപിടിയ്ക്കുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കുന്നതിന് എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ചുവരുന്നതാണ്.

**ഫയർ ആൻഡ് റെസ്ക്യൂ**

വേനൽക്കാലം രൂക്ഷമാകുന്നതോടെ പെട്രോൾ പമ്പുകൾ, ഗ്യാസ് ഗോഡൗണുകൾ, ഹോട്ടലുകൾ, ഫാക്ടറികൾ, മാർക്കറ്റുകൾ, വ്യാപാരസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ തീപിടുത്ത സാധ്യത കൂടുതലായതിനാൽ ഇത്തരം സ്ഥാപനങ്ങളിൽ മുൻകൂറായിതന്നെ ആവശ്യമായ സുരക്ഷാ പരിശോധനകൾ/ഫയർ ഓഡിറ്റുകൾ നടത്തി മതിയായ സുരക്ഷാ നിർദ്ദേശങ്ങൾ നൽകുകയും, ആവശ്യമായ അഗ്നിസുരക്ഷാ സംവിധാനങ്ങൾ സമയബന്ധിതമായി സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മതിയായ അഗ്നി സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. തന്ത്രപ്രധാനമായ സ്ഥാപനങ്ങൾ, വാണിജ്യ സമുജയങ്ങൾ, പ്രധാന പട്ടണങ്ങൾ എന്നിവിടങ്ങളിലും, മറ്റ് സ്ഥലങ്ങളിലും ഉണ്ടാകുന്ന തീപിടുത്തം നേരിടുന്നതിനായുള്ള ജലലഭ്യത ഉറപ്പാക്കുന്നതിനായി എല്ലാ അഗ്നിരക്ഷാ നിലയങ്ങളിലും ജലസ്രോതസ്സുകളുടെ വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചു വരുന്നു.

കാട്ടുതീ തടയുന്നതുമായി ബന്ധപ്പെട്ട തിരുവനന്തപുരം ജില്ലയിൽ വനാതിർത്തി പങ്കിടുന്ന അഗ്നിരക്ഷാ നിലയങ്ങളിൽ നിന്നും വനംവകുപ്പുമായി സഹകരിച്ച് ജീവനക്കാർക്കും, വനം വകുപ്പിലെ മറ്റ് അനുബന്ധ തൊഴിലാളികൾക്കും കാട്ടിതീ തടയലുമായി ബന്ധപ്പെട്ടുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് നിലയത്തലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫയർ ലൈനുകൾ തെളിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനും, കാട്ടുതീ തടയുന്നതിനായി തദ്ദേശിയരായ ആളുകളെ ഫയർ വാച്ചർമാരായി തെരഞ്ഞെടുത്ത് അഗ്നിരക്ഷാ വകുപ്പുമായി ചേർന്ന് മതിയായ പരിശീലനം നൽകി നിയോഗിക്കുന്നതിലൂടെ ഒരു പരിധിവരെ ഫലപ്രദമായി കാട്ടുതീ തടയുന്നതിന് സാധിക്കുമെന്നും വനം വകുപ്പ് അധികൃതരെ അധികൃതരെ ബോധ്യപ്പെടുത്തുവാനും നിലയത്തലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വനാതിർത്തിയോട് ചേർന്ന് താമസിക്കുന്നവർക്ക് അഗ്നിരക്ഷാ നിലയങ്ങളുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ

സംഘടിപ്പിക്കുന്നതിനും ഇത്തരം പ്രദേശങ്ങളിലെ സിവിൽ ഡിഫൻസ്, ആപതാമിത്ര വോളണ്ടിയർമാർ ജാഗരൂഗരായിരിക്കണമെന്നുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

<u>വിനോദ് സഞ്ചാര വകുപ്പ്</u>

തിരുവനന്തപുരം ജില്ലയിൽ ചൂട് കൂടി വരുന്ന സാഹചര്യത്തിൽ വിനോദസഞ്ചാര വകുപ്പ് ജില്ലാ കാര്യാലയത്തിൽ നിന്നും വകുപ്പിലെ ജീവനക്കാർ, ലൈഫ് ഗാർഡുകൾ, വിനോദസഞ്ചാരികൾ എന്നിവർക്ക് സൂര്യാഘാതം, സൂര്യാതാപം, നിർജ്ജലീകരണം മറ്റ് ഉഷ്ണകാല ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാൻ ഇടയുള്ളതിനാൽ കേരള ഹീറ്റ് ആക്ഷൻ പ്ലാൻ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനു ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്.

എല്ലാ വകുപ്പുകളും ഹീറ്റ് ആക്ഷൻ പ്ലാൻ പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതും ആയത് റിപ്പോർട്ട് ചെയ്യാനും ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ യോഗത്തിൽ നിർദ്ദേശിച്ചു.

യോഗം 4.30ന് അവസാനിച്ച്.

**ചെയർപേഴ്സൺ, ജില്ലാ**
**ദുരന്തനിവാരണ അതോറിറ്റി**
**& ജില്ലാ കളക്ടർ**